[Smt. Kusumom]

Kerala Panchayat (Plan and Estimates) Rules, 1963, the Panchayat could prepare and accord administrative and technical sanction for works up to Rs. 500. Accepting the policy of decentralisation, the Government were pleased to amend the Rules and according to the amended Rules. The Panchayats could give, both administrative and technical sanctions for works upto Rs.1,000. But according to the Rules 7 and 9 of the Kerala Panchayat (Manner of Execution of Public works) Rules, 1963. Junior Engineer should measure and the Assistant Engineer should checkmeasure works above Rs. 500. Both Assistant Engineers and Junior Engineers are not legally bound to measure or checkmeasure the works for which they have not prepared estimates and they are not interested in going after such small works.

Now the additional powers handed over to the Panchayats will remain illusory unless and until we amend these Rules, the Kerala Panchayat (Manner of Execution of Public Works) Rules. The new Panchayats which have taken charge with enthusiasm are not able to go on with the works unless we amend these rules immediately. I request the hon. Minister to take early steps in the matter.

Minister for Industries and Local Administration (**Shri K. A. Damodara Menon**): Sir, the Member may raise the point during the discussion under Demand No. XXVIII—Local Development Works which will be moved at 11'0 clock, or I will reply tomo row.

(ii) Delay in the acquisition of land for the Government Multipurpose School at Kulathoor.

Mr. Speaker: A reply is due from the Chief Minister to an earlier Rule 61 notice given by Shri P. Narayanan Thampi. I call upon the Chief Minister to give the reply.

ശ്രീ. ആർ. ശങ്കർ : സർ, കുളത്തൂർ ഗവണ്മെന്റ് ഹൈസ്കൂളിനെപ്പറ്റിയാണ് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. പി. നാരായണൻതമ്പി ഇവിടെ റൂം 61 പ്രകാരം ഉന്നയിച്ച പ്രശ്നം. ആ സ്കൂളിൽ 1957 മുതൽ മൾട്ടിപർപ്പസ് സ്കൂൾ നടത്തുന്നതിന് സ്ഥലം ഏർപ്പെടുത്തുന്ന പ്രശ്നം ഉണ്ടായിരുന്നു. ആകപ്പാടെ പതിനാറു ഏക്കർ എഴുപത്തിയഞ്ചു സെന്റു സ്ഥലം എടുക്കുന്നതിനുള്ള നടപടികൾ തുടങ്ങി. എന്നാൽ അവിടെ പാർത്തിരുന്ന പതിനെട്ട കുടുംബക്കാർക്ക് അവിടെ സ്ഥലം എടുക്കുന്നതിനെതിരായി പല പ്രാവശ്യം പരാതിപ്പെടുകയുണ്ടായി. ആ പരാതിക്കളെ തുടർന്ന് അവരെ അവിടെനിന്നും മാറ്റിപ്പാർപ്പിക്കുന്ന ആവശ്യത്തിലേക്ക് പതിനാറു ഏക്കർ എഴുപത്തിയഞ്ചു സെന്റിനു പുറമെ രണ്ടേക്കർ ഒന്നര സെന്റു സ്ഥലംകൂടി എടുക്കാൻ ഉത്തരവിടുകയുണ്ടായി. എന്നാൽ അങ്ങനെ എടുത്ത ആ പുതിയ സ്ഥലത്തേക്ക് മാറി താമസിക്കാൻ പതിനെട്ട കുടുംബക്കാർക്കും സമ്മതം ആയിരുന്നില്ല. അവർ ആദ്യം എടുത്ത സ്ഥലം സ്കൂളിന്റെ ആവശ്യത്തിന് വേണ്ടിവരികയില്ലെന്നും, അതുകൊണ്ട് ഈ നടപടികളെല്ലാം നിറുത്തിവയ്ക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിലേക്ക് റിട്ട് പെറ്റീഷൻ കൊടുക്കുകയുണ്ടായി. 1961—ലാണ് റിട്ട് പെറ്റീഷൻ കൊടുത്തത്. ആ പെറ്റീഷൻ ഹൈക്കോടതി തള്ളിക്കളഞ്ഞു. അതിനുശേഷം വീണ്ടും പരാതികൾ അവർ ഗവണ്മെൻറിലേക്ക് കൊടുത്തു ഒടുവിൽ ജനുവരിമാസം 28—ാം തീയതി ഈ സഭയിലെ ഒരു ബഹുമാനപ്പെട്ട അംഗമായ ശ്രീ. കുഞ്ഞുകൃഷ്ണൻ നാടാർ അന്നത്തെ റവന്യൂ മന്ത്രിയുടെ അടുക്കൽ മൂന്നു മാസത്തിനുള്ളിൽ ഇക്കാര്യത്തിനു ഒരു പരിഹാരം എല്ലാവരുംകൂടി ആലോചിച്ചു തീർക്കാമെന്നും, ആ സമയത്തേക്ക് ഒരു സ്റ്റേ നൽകണമെന്നും ആവശ്യപ്പെടുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ ഫലമായി ഒരു സ്റ്റേ നിലവിലിരിക്കുകയാണു്. ആ സ്റ്റേ കൊടുത്തതിനുശേഷം പിന്നീടും പരാതികളുണ്ടായിട്ടുണ്ടു്. ഒരു പരാതി ഒരു പട്ടാളക്കാരനിൽനിന്നും കിട്ടിയതാണു്. അതിൽ ആ പട്ടാളക്കാരന്റെ വിസഹായയായ അമ്മ അവിടെ താമസിക്കുകയാണെന്നും, അവർ താമസിക്കുന്ന ഭൂമി അക്വയർ ചെയ്യരുതെന്നുമാണു്. സ്ലൂളിലേയ്ക്കു് ആ സ്ഥലങ്ങളും ഉടനെ എടുത്തു് അവിടെ ഇപ്പോൾ ഉപയോഗശൂന്യമായി കിടക്കുന്ന സാധനങ്ങളും ഉപയോഗപ്രദമാക്കിതീർക്കണമെന്നു് കാണിച്ചു് രണ്ടു തവണ കളക്ടർ ബി. എസ്. എസ്. ഗവണ്മെന്റിലേയ്ക്കു് പരാതിപ്പെട്ടിട്ടുണ്ടു്. എന്നായാലും കുറെസമയം അനുവദിച്ചുകൊടുത്താൽ ഇതെല്ലാം സമാധാനപരമായി തീർക്കാൻ സാധിക്കുമെന്നു് ഒരു എം. എൽ. എ. പറഞ്ഞിട്ടുള്ളതുകൊണ്ടു് അതിൽ കൂടുതൽ നടപടികളൊന്നും എടുക്കാതിരിക്കുകയാണു്. അദ്ദേഹം പറഞ്ഞ അവധി ഇനി ഒരു മാസമേയുള്ളു. അതിനകം ഇതെല്ലാം ഒതുക്കിതീർത്തില്ലെങ്കിൽ ഗവണ്മെന്റിൽ നിന്നും ആവശ്യമായ നടപടികളും എടുത്തു സ്ഥലം അക്വയർ ചെയ്യുന്നതാണു്. ഇത്രയും മാത്രമേ ഇതിനെ സംബന്ധിച്ചു് പറയുവാനുള്ളു.

FINANCIAL BUSINESS.

Voting on Demands For Grants.

Demand XXIII–Fisheries.

Minister for Harijan Welfare and Fisheries (**Shri K. Kunhambu**): Sir, I move that Government be granted a sum of Rs. 72,66,200 under Demand XXIII—Fisheries.

Minister for Public Health (**Shri M. P. Govindan Nair**): Sir, I second it.

Mr. Speaker: Cut motions No. 2 by Shri P. Viswambharan No. 3 by Shri K. Hassan Gani and No. 9 by Shri P. Ravindran may be moved.

Shri P. Viswambharan is not in his seat.

Shri K. Hassan Gani: Sir, I move

,'To reduce the total allotment of Rs. 72,66,200 under Demand XXIII by Rs. 100."

Shri P. Ravindran: Sir, I move

"To reduce the total allotment of Rs. 72,66,200 under Demand XXIII by Rs. 100".

Mr. Speaker: I call upon Shri P. Ravindran to initiate the discussion.

ശ്രീ. പി. രവീന്ദ്രൻ: സർ, മത്സ്യവ്യവസായം കേരളത്തിലെ സമ്പദ് വ്യവസ്ഥിതിയിൽ അതിപ്രധാനമായ ഒരു പങ്കുവഹിക്കുന്നുണ്ടു്. മത്സ്യാൽപാദനരംഗത്തു് പ്രധാനമായ ഒരു സ്ഥാനവും കേരളം ഇന്നു് കരസ്ഥമാക്കിയിട്ടുണ്ടു്. മത്സ്യാൽപാദനത്തിൽ ലോകത്തിലേക്കും വച്ചു് ആറാം സ്ഥാനം, കേരളത്തിനാണുള്ളതു്. അതുപോലെ ഇൻഡ്യയിലേക്കു് കേരളമാണു് മത്സ്യാൽപാദനരംഗത്തു് ഒന്നാം സ്ഥാനം കരസ്ഥമാക്കിയിട്ടുള്ളതു്. കേരളത്തിന്റെ പ്രാദേശിക വരുമാനത്തിൽ ഗണ്യമായ ഒരു സംഭാവന മത്സ്യവ്യവസായം കൊണ്ടു കിട്ടുന്നുണ്ടു്. നമ്മുടെ മൊത്തം വരുമാനത്തിന്റെ മൂന്നര ശതമാനത്തോളം മത്സ്യവ്യവസായത്തിൽനിന്നു് കിട്ടുന്നുണ്ടു്. മൂന്നുകോടി വിദേശ

LIBRARY ARCHIVES Kerala Legislative Assembly